# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2405 07.02.2019 -ൽ മറുപടിക്ക്

### സംസ്ഥാന വാണിജ്യ മിഷൻ

**ചോദ്യം** **ഉത്തരം**

ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ.ആന്റണി ജോൺ
ശ്രീ.കാരാട്ട് റസാഖ്
ശ്രീ.ഐ.ബി. സതീഷ് :

ശ്രീ. ഇ.പി. ജയരാജൻ
(വ്യവസായവും സ്പോർട്സും
യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കേരളത്തിന്റെ തനതായ വ്യാവസായിക ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | എ), ബി), സി) & ഡി) | ഉണ്ട്. കേരളത്തിന്റെ വാണിജ്യ സാധ്യതകൾ നിർണ്ണയിക്കുന്നതിനും, ഇതിനാവശ്യമായ നടപടികൾ നിർദ്ദേശിക്കുന്നതിനും കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊഫസർ ശ്രീ. സുഷീൽ- ഖന്നയെ ചെയർമാനാക്കിക്കൊണ്ട് 03.12.2018 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 1329/2018/വ്യവ- യുടെ അടിസ്ഥാനത്തിൽ സർക്കാർ വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്. വാണിജ്യമിഷന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1.സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.<br>2.ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന മേജർ ടെക് ഫെയറുകളിൽ സംസ്ഥാനത്തു നിന്നും സംരംഭക പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.<br>3.കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ അന്തർ ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക, ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുപ്പിക്കുന്നതിനുള്ള അവസരം നൽകി |
| ബി) | എങ്കിൽ പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | | |
| സി) | സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭങ്ങളുടെ ശേഷി വർദ്ധിപ്പിക്ക- ന്നതിന് മിഷൻ എന്തെല്ലാം ഇടപെടലുകളാണ് നടത്താനുദ്ദേശി- ക്കുന്നത്; | | |
| ഡി) | വാണിജ്യമേഖലയിൽ നിലനിൽ- ക്കുന്ന വിവിധ സർക്കാർ, സർക്കാരിതര ഏജൻസികളുടെ ഏകോപനം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വാണിജ്യ മിഷൻ മുഖേന സ്വീകരി- ക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ബിസിനസ് ബന്ധം സ്ഥാപിക്കുക.<br>4.ദേശീയ-അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.<br>5.ഭക്ഷ്യ സംസ്കരണം, കൈത്തറി, വസ്ത്രം, കരകൗശല സാധനങ്ങൾ തടി ഫർണ്ണിച്ചർ, ബാംബൂ ഉൽപന്നങ്ങൾ, കേരള സോപ്പ് തുടങ്ങിയവയുടെ വിപണനം പ്രൊമോട്ട് ചെയ്യുന്നതിന് ഓരോ വിഭാഗത്തിനും സംസ്ഥാനതലത്തിൽ മേളകളും, പ്രദർശനങ്ങളും സംഘടിപ്പിക്കുക.<br>6.പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക<br>7.വിദേശ നിക്ഷേപകർക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക.<br>സംസ്ഥാനത്തെ വാണിജ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങൾക്കും സംസ്ഥാന സർക്കാരിനും ഇടയിലുള്ള ഒരു ഉപദേശക സമിതിയായി വാണിജ്യമിഷൻ പ്രവർത്തിക്കുവാനും വാണിജ്യ മിഷൻ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും സംബന്ധിച്ച് റോഡ് മാപ്പ് തയ്യാറാക്കുന്നതിന് FICCI യേയും CIIA യേയും ചുമതലപ്പെടുത്തുവാനും, കേരളത്തിലെ വിവിധ മേഖലകളിലെ ഉത്പന്നങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിനോട് ആവശ്യപ്പെടാനും മിഷന്റെ ആദ്യ യോഗത്തിൽ തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ